**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 368** — **13-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ തീരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വൈജ്ഞാനിക ലോകത്ത് സംസ്ഥാനം വളരെയേറെ മുന്നോട്ട് പോകുമ്പോഴും തീരദേശ ജനതയുടെ വൈജ്ഞാനിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തീരദേശ ജനതയുടെ വൈജ്ഞാനിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായിട്ടു ള്ള പദ്ധതികൾ ആരംഭിക്കുന്നതിന്റെ  ആവശ്യകത പരിശോധന വിധേയമാക്കിയിട്ടുണ്ട്.<br><br>തീരദേശ ജനതയുടെ വൈജ്ഞാനിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി സ്കൂൾതലത്തിലും കോളേജ് തലത്തിലുമുള്ള വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനം കൂടി ഉറപ്പ് വരുത്തുന്നതിനും, വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുന്നതിനും, തൊഴിൽ രംഗത്തെ ജെൻഡർ വിവേചനം കുറയ്ക്കുന്നതിനും, യുവാക്കളുടെ സംരംഭകത്വ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 'കേരള നോളജ് ഇക്കോണമി മിഷന്റെ' സഹകരണത്തോടെ വകുപ്പുതലത്തിൽ ശിൽപശാല സംഘടിപ്പിക്കുകയും വകുപ്പ് നടപ്പാക്കുന്ന ക്ഷേമം, വികസന പദ്ധതികൾ എന്നിവയിൽ കേരള  നോളജ് ഇക്കോണമി മിഷന്റെ സേവനം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് 28/11/2022- ന് ചേർന്ന യോഗം തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ മേഖലാ ഓഫീസുകൾ മുഖേനയും സാഫ്, മത്സ്യഫെഡ് തുടങ്ങി വകുപ്പിന്റെ വിവിധ ഏജൻസികൾ മുഖേനയും, നോളജ് ഇക്കോണമി മിഷൻ വഴിയും ഇതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ ഭാഗമായി സ്റ്റൈപ്പന്റോട് കൂടി 8 |

| | | | |
|---|---|---|---|
| | | | മാസം നീളുന്ന അക്വാകൾച്ചർ പരിശീലനം, മത്സ്യബന്ധന യാനങ്ങളിലെ ഡെക്ക് ഹാൻഡ്, എഞ്ചിൻ ഡ്രൈവർ, സ്രാങ്ക് എന്നിവർക്കായുള്ള സാങ്കേതിക പരിശീലന പരിപാടികളും എൻ.എഫ്.ഡി.ബി ഫണ്ട് ഉപയോഗിച്ച് മത്സ്യമേഖലയിലെ വനിതകൾക്കായി നൈപുണ്യ പരിശീലന പരിപാടികളും ഓരോ വർഷവും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് (NIFAM) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) ഓഫീസ് മുഖേന നൽകി വരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളി സമൂഹത്തിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിനുവേണ്ടി തൊഴിൽ തീരം പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | മത്സ്യത്തൊഴിലാളി സമൂഹത്തിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിനു 'തൊഴിൽ തീരം' പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ മത്സ്യഫെഡ്, സാഫ്, നിഫാം തുടങ്ങിയ ഏജൻസികൾ വഴി മത്സ്യത്തൊഴിലാളി സമൂഹത്തിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട് . |
| (സി) | കേരള നോളജ് ഇക്കോണമി മിഷനുമായി സഹകരിച്ച് മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കുന്ന തൊഴിൽ തീരം പദ്ധതിയുടെ സമീപന രേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (സി) | കേരള നോളജ് ഇക്കോണമി മിഷനുമായി സഹകരിച്ച് മത്സ്യബന്ധന വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 'തൊഴിൽ തീരം' പദ്ധതിയുടെ സമീപന രേഖ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ച് വരുന്നു . ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമ വികസന പദ്ധതികളിൽ കേരള നോളജ് ഇക്കോണമി മിഷന്റെ സേവനം പ്രയോജനപ്പെടുത്തി കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിന് ഫിഷറീസ് വകുപ്പും സാഫ്, മത്സ്യഫെഡ് എന്നീ ഏജൻസി കളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയോടൊപ്പം തീരദേശ ജനതയുടെ സാമൂഹിക, വിദ്യാഭ്യാസ, തൊഴിൽ അവസ്ഥകളെ സംബന്ധിച്ച് സമഗ്ര സർവേ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | തീരദേശ ജനതയുടെ സാമൂഹികം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, പാർപ്പിടം, അടിസ്ഥാന സൗകര്യം, വസ്തുവകകൾ തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നതിന് സമഗ്ര സർവ്വേ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 2022-23 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ മറൈൻ, ഇൻലാന്റ് മേഖലകളിലായി അധിവസിക്കുന്ന 2.3 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തി സർവ്വെ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ